LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തുകൾക്ക് ടൂറിസം പദ്ധതി

116(408) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ടൂറിസം വകുപ്പ് എന്തെങ്കിലും ടൂറിസം വികസന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധമായ സർക്കാർ ഉത്തരവുകളോ മാർഗനിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്നതാണ് പദ്ധതി.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളുടെയും പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനവും അതുവഴി പ്രസ്തുത ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവഴി ടൂറിസത്തിന്റെ ഗുണങ്ങൾ ഗ്രാമീണ മേഖലയിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും സാമൂഹികമായ അഭിവൃദ്ധി കൈവരിക്കുന്നതിനും കഴിയുന്നതാണ്.

(സി) മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

പെരുവണ്ണാമൂഴി, കക്കയം വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

117(409) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ പെരുവണ്ണാമൂഴി, കക്കയം എന്നിവയുടെ വികസനത്തിനുവേണ്ടി കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി അംഗീകരിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.